**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.815 09.08.2017 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ ഷംസുദ്ദീൻ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വനപ്രദേശത്തോട് ചേർന്നു സ്ഥിതിചെയ്യുന്ന വീടുകളിലും, കൃഷിയിടങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വനപ്രദേശത്തോട് ചേർന്നു സ്ഥിതി ചെയ്യുന്ന വീടുകളിലും, കൃഷിയിടങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത് തടയുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>5.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ. |

| | |
|---|---|
| | 8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.<br>9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>10 ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.<br>11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |
| (ബി) ഈ പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) ഈ പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ; | (സി) ഉണ്ട്. |
| (ഡി) നഷ്ട പരിഹാരത്തിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനും, നഷ്ടം സംഭവിച്ചതിന് തുല്യമായ തുക നഷ്ടപരിഹാരമായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന കാര്യവും നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന വിഷയവും സർക്കാർ പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.